പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4518 21.03.2018-ൽ മറുപടിക്ക്

## മാവേലിക്കര ജില്ല ആശുപത്രി

**ചോദ്യം**

**ശ്രീ.ആർ.രാജേഷ്**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര ജില്ല ആശുപത്രിയുടെ വികസനത്തിന് 2016-17 ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) (ബി) & (സി) | 2016-17 ബഡ്ജറ്റിൽ മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിന് തുക വകയിരുത്തിയിരുന്നതായി കാണുന്നില്ല. എന്നാൽ 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ നിന്നും ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിൽ 2,000 കോടി രൂപ നിക്ഷേപം പുതിയതായി അനുവദിച്ചതിൽ മാവേലിക്കര ജില്ല ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.<br><br>മാവേലിക്കര ജില്ല ആശുപത്രിയുടെ വികസനം കിഫ്ബി മുഖാന്തരം നടപ്പാക്കുന്നതിനായി ഇൻകൽ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആക്കിക്കൊണ്ട് ഈ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ ഇൻകൽ തയ്യാറാക്കി നൽകിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ ഇൻകൽ തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആറിന്റെ അംഗീകാരത്തിനും ഭരണാനുമതി നൽകുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**